## കേരള സർക്കാർ

### സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.നിർമ്മല കുര്യനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടി കർശന താക്കീത് നൽകി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

**സ.ഉ.(സാധാ) നം./1597/2017/തൊഴിൽ** തീയതി,തിരുവനന്തപുരം, 05/12/2017

പരാമർശം:- 1) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 03.04.2017 ലെ ഡി3-6426/2017/ഡി.ഐ.എം.എസ് നമ്പർ കത്ത്.

2) 03.05.2017 ലെ എഫ്1/39/2017/തൊഴിൽ നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് 26.05.2017 തീയതിയായി ഡോ.നിർമ്മല കുര്യൻ സമർപ്പിച്ച എതിർവാദ പത്രിക.

4) 14.08.2017 ലെ സ.ഉ (സാധാ) നം.1080/2017/തൊഴിൽ.

5) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ 01.11.2017 ലെ ഡി3-6426/2017/ഡി.ഐ.എം.എസ് നമ്പർ കത്ത് പ്രകാരം ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

### ഉത്തരവ്

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.നിർമ്മല കുര്യൻ തൊടുപുഴ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തിരുന്ന സമയത്ത് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകളിന്മേൽ നടപടി സ്വീകരിക്കാതിരുന്നതായി പരാമർശം 1 പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ 1960 ലെ കെ .സി.എസ് (സി..സി & എ) റൂൾസ്, റൂൾ 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും പരാമർശം 2 പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു . കുറ്റപത്രത്തിന് ഡോ.നിർമ്മല കുര്യൻ പരാമർശം 3 പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചിരുന്നു. തൊടുപുഴ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ജോലിഭാരം കാരണവും ആകസ്മികമായി എറണാകുളം ഡിസ്പെൻസറിയിലേക്ക് ട്രാൻസ്ഫർ ചെയ്തതും മൂലമാണ് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ പാസാക്കാതിരുന്നത് എന്നാണ്

അറിയിച്ചിട്ടുള്ളത്. ജോലിഭാരം കൂടുതലായതിനാൽ ഒരു മെഡിക്കൽ ഓഫീസറുടെ സേവനം കൂടി ആവശ്യപ്പെട്ടിട്ടും ആയത് നൽകിയില്ലായെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇതേ കുറ്റത്തിനു തന്നെ ടിയാൾക്കെതിരെ അച്ചടക്ക നടപടി എടുത്തിട്ടുണ്ടെന്നും ആയതിനാൽ വീണ്ടും നടപടി സ്വീകരിക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്നും എതിർവാദ പത്രികയിൽ സൂചിപ്പിച്ചിരുന്നു.

2) ഡോ.നിർമ്മല കുര്യൻ സമർപ്പിച്ചിരുന്ന എതിർവാദ പത്രിക തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി തുടരാൻ തീരുമാനിക്കുകയും കെ . സി . എസ് (സി . സി & എ ) റൂൾസ് , 1960 റൂൾ 15 പ്രകാരം അന്വേഷണം നടത്തുന്നതിനായി ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ജോയിന്റ് ഡയറക്ടർ ഡോ.എം.എസ്.ഗീതാദേവിയെ നിയമിച്ച് പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

3) പരാതിയിന്മേൽ അന്വേഷണം നടത്തി ജോയിന്റ് ഡയറക്ടർ ഡോ.എം.എസ്.ഗീതാദേവി പരാമർശം 5 പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഡോ.നിർമ്മല കുര്യൻ തൊടുപുഴ ഇ.എസ്.ഐ ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറായിരുന്ന 01.07.2014 മുതൽ 01.04.2016 വരെ ആകെ 2386 ക്ലെയിമുകൾ സമർപ്പിച്ചിരുന്നതിൽ 1655 എണ്ണം പാസാക്കി തുക നൽകിയിരുന്നതായും 7 3 1 ക്ലെയിമുകൾ യാതൊരു നടപടിയുമെടുക്കാതെ കെട്ടിവച്ചിരുന്നതായും അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. ഇത്തരത്തിൽ ഇ.എസ് .ഐ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി റീ ഇംബേഴ്സ്മെന്റ് തുക പാസാക്കി നൽകുന്നതിൽ വീഴ്ച വരുത്തുകയും എറണാകുളം നം. 1 ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റം നൽകിയശേഷം തൊടുപുഴ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ടിയാളുടെ കാലത്തുണ്ടായിരുന്ന പെൻഡിംഗ് തീർക്കുന്നതിന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നൽകിയ ഉത്തരവ് പാലിക്കാതിരിക്കുകയും ചെയ്തത് ഗുരുതരമായ അച്ചടക്ക ലംഘനമായി റിപ്പോർട്ട് ചെയ്തിരിക്കുന്നു . എന്നിരുന്നാലും ഡോ . നിർമ്മല കുര്യൻ തന്റെ കഴിവിന്റെ പരമാവധി ആത്മാർത്ഥമായി ജോലി ചെയ്തിരുന്നെന്നും അധിക ജോലി ഭാരവും തന്റെ രോഗവുമായി ബന്ധപ്പെട്ട ചികിത്സയും കുടുംബപരമായ കാരണങ്ങളും ബില്ലുകൾ പെൻഡിംഗ് ആയതിന് കാരണമായെന്ന ട് വ്യക്തിയുടെ വാദം മുഖവിലക്കെടുക്കാമെന്നാണ് ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഡോ . നിർമ്മല കുര്യൻ രോഗികളെ ചികിത്സിക്കുന്ന കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല എന്നതും കൃത്യമായി ജോലിക്ക് വരാറുണ്ടായിരുന്നു എന്നതും രോഗികളെ വളരെ സമയമെടുത്ത് വിശദമായി പരിശോധിക്കുകയും ചെയ്തിരുന്നു എന്നതും അവധി ദിവസങ്ങളിലും ഡ്യൂട്ടി ഓഫ് ദിവസങ്ങളിലും ഡിസ്പെൻസറിയിലെത്തി ക്ലെയിമുകൾ പാസാക്കാറുണ്ടായിരുന്നു എന്നതും പരിഗണിക്കേണ്ടതാണ് എന്നും ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൾ രോഗികളോടും ജീവനക്കാരോടും ചില സമയങ്ങളിൽ സ്നേഹത്തോടെയും ചില സമയങ്ങളിൽ ദേഷ്യത്തോടെയും പെരുമാറിയിരുന്നു. ഡോ . നിർമ്മല കുര്യന്റെ കാലഘട്ടത്തിൽ ഡോക്ടറും ബിൽ കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലർക്കും തമ്മിൽ യാതൊരു സഹകരണവും ഉണ്ടായിരുന്നില്ല എന്നും ബില്ലുകൾ നടപടി സ്വീകരിക്കാതിരുന്നതിന് സെക്ഷൻ ക്ലർക്കും കാരണക്കാരാണെന്ന് കരുതാവുന്നതാണെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി ഡോക്ടർ അപ്പൻഡിസെക്ടമി എന്ന രോഗത്തിന് ചികിത്സയിൽ പ്രവേശിച്ചതും ബില്ലുകൾ പെൻഡിംഗ് ആകാൻ കാരണമായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഡോ.നിർമ്മല കുര്യൻ ഐ.പികൾക്ക് നൽകിയിരുന്ന ചികിത്സയുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടായിട്ടില്ല

എന്നും ടിയാളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ പെരുമാറ്റത്തെ സ്വാധീനിച്ചിരുന്നു എന്നും ക്ലെയിമുകൾ സമയ ബന്ധിതമായി പാസാക്കുന്നതിൽ ടിയാൾ പരാജയപ്പെട്ടെങ്കിലും മന : പൂർവം വീഴ്ച വരുത്തിയിട്ടില്ല എന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിലും ടി ഡോക്ടർക്ക് നിലവിൽ ഒരു പണിഷ്മെന്റ് ട്രാൻസ്ഫർ നൽകിയിട്ടുള്ളത് പരിഗണിച്ചും മാനുഷിക പരിഗണന നൽകി ടിയാൾക്ക് കർശന താക്കീത് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ പരിഗണനാർഹമാണെന്നാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറും പരാമർശം - 5 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം 5 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച്, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ. നിർമ്മല കുര്യനെതിരെ സ്വീകരിച്ചുവരുന്ന കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടി കർശന താക്കീത് നൽകി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മോഹനകുമാർ.എ.കെ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
ഡോ.നിർമ്മല കുര്യൻ, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [(എ&ഇ,ഓഡിറ്റ്,ഡി.ബി സെൽ)}, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് നം. ഡി3-6426/2017/ഡി.ഐ.എം.എസ് തീയതി 26-12-2017.</u>

ഡോ.നിർമ്മല കുര്യനെതിരായി സ്വീകരിച്ചുവന്ന അച്ചടക്കനടപടി കർശനതാക്കീത് നൽകി അവസാനിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് മേൽ നടപടികൾക്കായി നൽകുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ.

സ്വീകർത്താവ്

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് , മദ്ധ്യ മേഖല എറണാകുളം.
2) ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, എറണാകുളം/ തൊടുപുഴ.
3) ഡോ.നിർമ്മല കുര്യൻ (എറണാകുളം ഇ.എസ്.ഐ. ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ മുഖാന്തിരം)
4) ഇ1 സെക്ഷൻ
5) ഡി2 സെക്ഷൻ
6) വെബ് സൈറ്റ്
7) ഫയൽ/സ്റ്റോക്ക് ഫയൽ.

എസ്.എസ്/